94/26-M

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

A

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 90 മിനിട്ട്

പരമാവധി മാർക്ക് : 100

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യപുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യപുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ഏറ്റവും ഒടുവിലായി കേരളത്തിൽ എത്തിയ യൂറോപ്പ്യൻ കൊളോണിയൽ ശക്തി
   A) പോർച്ചുഗീസുകാർ
   B) ഫ്രഞ്ചുകാർ
   C) ബ്രിട്ടീഷുകാർ
   D) ഡച്ചുകാർ

2. 'ഒന്നേകാൽ കോടി മലയാളികൾ' ആരുടെ കൃതിയാണ് ?
   A) ഇ. എം. എസ്. നമ്പൂതിരിപ്പാട്
   B) സി. അച്യുതമേനോൻ
   C) ജോസഫ് മുണ്ടശ്ശേരി
   D) കേസരി ബാലകൃഷ്ണപിള്ള

3. അവധിനെ 'ഒരു ദിവസം നമ്മുടെ വായിൽ വീഴാൻ പോകുന്ന ചെറി' ആയി വിശേഷിപ്പിച്ച ഗവർണർ ജനറൽ
   A) കോൺവാലീസ്
   B) ഡൽഹൗസി
   C) വില്യം ബെൻടിക്ക്
   D) കാനിംഗ്

4. ജൂൺ 3 പദ്ധതി എന്നറിയപ്പെടുന്നത്
   A) ക്രിപ്സ് മിഷൻ
   B) സൈമൺ കമ്മിഷൻ
   C) 1935-ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്ട്
   D) മൗണ്ട് ബാറ്റൺ പദ്ധതി

5. ചൈനയുടെ പുനർ നിർമ്മാണത്തിനു വേണ്ടി മൂന്ന് തത്വങ്ങൾ അഥവാ സാൻ-മിൻ-ചുയി പദ്ധതി തയ്യാറാക്കിയത് ആര് ?
   A) മാവോ സേതുങ്ങ്
   B) ചിയാങ്ങ് കൈഷക്ക്
   C) സൺ യാത്സെൻ
   D) സിയാവോ പെങ്ങ്

6. 2026-ലെ നാറ്റോ ഉച്ചകോടി നടന്ന രാജ്യം
   A) ഇംഗ്ലണ്ട് B) നെതർലാന്റ് C) അമേരിക്ക D) തുർക്കി

7. ഇന്ത്യയിലെ മോളാസിസ് തടം സ്ഥിതിചെയ്യുന്നത്
   A) നാഗാലാന്റ് B) മണിപ്പൂർ C) മിസ്സോറാം D) മേഘാലയ

8. ഭൂമിയിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന പ്രധാന വാതകം
   A) നൈട്രജൻ
   B) കാർബൺഡൈഓക്സൈഡ്
   C) ഹൈഡ്രജൻ
   D) ഓക്സിജൻ

9. സൂര്യോച്ച ദിനം ഏതാണ് ?
   A) ജൂലൈ 4
   B) സെപ്റ്റംബർ 23
   C) മാർച്ച് 21
   D) ജനുവരി 3

10. പഞ്ചപ്രയാഗ് സ്ഥിതി ചെയ്യുന്നത്

A) കാശ്മീർ ഹിമാലയം
B) ഡാർജിലിങ് ഹിമാലയം
C) അരുണാചൽ ഹിമാലയം
D) ഉത്തരാഖണ്ഡ് ഹിമാലയം

11. വടക്കേ ഇന്ത്യയിൽ വേനൽ കാലത്ത് വീശുന്ന പ്രാദേശിക കാറ്റായ ലൂ ഉണ്ടാകുന്നത് ഏത് പ്രക്രിയയിലൂടെയാണ് ?

A) വികിരണം
B) സംവഹനം
C) സംനയനം
D) അഭിവഹനം

12. രാജ്യത്തെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ബഹിരാകാശ സ്ഥാപനം

A) സിയെറ സ്പേസ്
B) സ്കൈ റൂട്ട് ഏറോസ്പേസ്
C) ആക്സിയോം സ്പേസ്
D) സ്പേസ് എക്സ്

13. ഊർജ്ജസംരക്ഷണ ദിനമായി ആചരിക്കുന്ന ദിനമേത് ?

A) ഡിസംബർ 24
B) ഡിസംബർ 14
C) ആഗസ്റ്റ് 28
D) നവംബർ 14

14. നഗര സഹകരണ ബാങ്കുകളിലെ ഭരണ നിർവഹണവും പ്രതിരോധശേഷിയും മെച്ചപ്പെടുത്തുന്നതിനായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ അടുത്തിടെ രാജ്യവ്യാപകമായി ആരംഭിച്ച ശേഷി വികസന പരിപാടി

A) മിഷൻ 2026
B) മിഷൻ ആർ. ബി. ഐ.
C) മിഷൻ സാക്ഷം
D) മിഷൻ ശേഷി

15. പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ?

A) വളർച്ച, ആധുനികവൽക്കരണം, സ്വാശ്രയത്വം, നീതി
B) ആയുർദൈർഘ്യം, ആധുനികവൽക്കരണം, സ്വാശ്രയത്വം, നീതി
C) വളർച്ച, ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, നീതി
D) വളർച്ച, ലിംഗസമത്വം, സ്വാശ്രയത്വം, നീതി

16. ആഗോളവൽകരണം ഒരു നയമല്ല, പ്രതിഭാസമാണ്. ആരുടെ പ്രസ്താവനയാണിത് ?

A) ആഡംസ്മിത്ത്
B) ജെ. ബി. സേ
C) ആൽഫ്രഡ് മാർഷൽ
D) അമർത്യാസെൻ

17. മാനവ വികസന സൂചിക കണക്കാക്കുന്നത് മൂന്ന് ഘടകങ്ങളെ ആശ്രയിച്ചാണ്. ആയുർദൈർഘ്യം, സാക്ഷരതയും മൊത്തം സ്കൂൾ പ്രവേശനവും, _____

A) ദേശീയ വരുമാനം
B) പ്രതിശീർഷ വരുമാനം
C) ശിശുമരണ നിരക്ക്
D) സുസ്ഥിര വികസനം

18. വാണിജ്യ ബാങ്കിന്റെ ധർമ്മമേത് ?
    A) ഗവണ്മെന്റിന്റെ ബാങ്ക്
    B) പണത്തിന്റെ അളവ് നിയന്ത്രിക്കുന്നു
    C) വിദേശ നാണ്യ കരുതൽ ശേഖരത്തിന്റെ സൂക്ഷിപ്പ്
    D) നിക്ഷേപം സ്വീകരിക്കൽ

19. നീതി ആയോഗിനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
    1. പ്രധാനമന്ത്രിയാണ് അധ്യക്ഷൻ.
    2. ഉപാധ്യക്ഷനെ പ്രസിഡന്റ് നിശ്ചയിക്കുന്നു.
    3. സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നു.
    A) ഒന്നും മൂന്നും ശരിയാണ് B) ഒന്നും രണ്ടും ശരിയാണ്
    C) രണ്ടും മൂന്നും ശരിയാണ് D) എല്ലാം ശരിയാണ്

20. 1978-ലെ 44-ാം ഭരണഘടന ഭേദഗതിയനുസരിച്ച് സ്വത്തവകാശം താഴെ പറയുന്നവയിൽ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു ?
    A) മൗലികാവകാശം B) നിർദ്ദേശക തത്ത്വങ്ങൾ
    C) നിയമപരമായ അവകാശം D) പ്രകൃതിദത്തമായ അവകാശം

21. ഭരണഘടനാ നിർമ്മാണസഭയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏത് ?
    i. കാബിനറ്റ് മിഷൻ ശുപാർശ പ്രകാരമാണ് ഭരണഘടനാ നിർമ്മാണ സഭ രൂപീകൃതമായത്.
    ii. ഭരണഘടനാ നിർമ്മാണ സഭയിലെ മലയാളി വനിതകളുടെ എണ്ണം 3 ആയിരുന്നു.
    iii. ഭരണഘടനാ നിർമ്മാണ സഭയുടെ ഭരണഘടനാ ഉപദേഷ്ടാവ് ഡോ. ബി. ആർ. അംബേദ്ക്കറാണ്.
    A) ഒന്നും രണ്ടും ശരിയാണ് B) ഒന്നും മൂന്നും ശരിയാണ്
    C) മുഴുവൻ ശരിയാണ് D) രണ്ട് മാത്രം ശരിയാണ്

22. 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഭരണഘടനയുടെ ആമുഖത്തിൽ കൂട്ടിച്ചേർക്കപ്പെട്ട വാക്കുകൾ ഏതെല്ലാം ?
    A) സോഷ്യലിസം, ദേശീയത, സമത്വം
    B) സോഷ്യലിസം, മതേതരത്വം, അഖണ്ഡത
    C) പരമാധികാരം, ജനാധിപത്യം, ദേശീയത
    D) സ്വാതന്ത്ര്യം, ജനാധിപത്യം, സാഹോദര്യം

23. മൗലികാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് റിട്ടുകൾ പുറപ്പെടുവിക്കാൻ സുപ്രീം കോടതിക്ക് അധികാരം നൽകുന്ന ഭരണഘടനാ വകുപ്പ്
    A) 332 B) 226 C) 124 D) 32

24. അവശിഷ്ടാധികാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം ആർക്ക് ?

A) സംസ്ഥാന നിയമസഭകൾക്ക്
B) സുപ്രീം കോടതിക്ക്
C) പാർലമെന്റിന്
D) രാഷ്ട്രപതിക്ക്

25. 60-ാംമത് ജ്ഞാനപീഠ പുരസ്കാര ജേതാവ്

A) ഗുൽസാർ
B) വൈരമുത്തു
C) അക്കിത്തം അച്ചുതൻ നമ്പൂതിരി
D) ദാമോദർ മോസോ

26. 20-ാംമത് G20 ഉച്ചകോടി നടന്നത് എവിടെ ?

A) ന്യൂഡൽഹി
B) മിയാമി
C) ജോഹന്നാസ് ബർഗ്
D) ടോക്കിയോ

27. കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ പ്രധാന സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏതാണ് ?

A) ഒരാൾക്ക് കൈവശം വെക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചു, പരിധിയിൽ കൂടുതൽ ഭൂമി കൈവശം വെച്ചിരുന്നവരിൽ നിന്ന് ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്തു.
B) ജന്മി സമ്പ്രദായം നിർത്തലാക്കി.
C) കൃഷി ഭൂമിയിൽ കുടിയാന് സ്ഥിര ഉടമാവകാശം ഉറപ്പുവരുത്തി.
D) ഒരാൾക്ക് കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി ഒഴിവാക്കി നൽകി.

28. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായി പ്രവർത്തിക്കുന്നത്

A) റവന്യൂമന്ത്രി
B) ഗവർണ്ണർ
C) മുഖ്യമന്ത്രി
D) ചീഫ് സെക്രട്ടറി

29. താഴെ കൊടുത്തിരിക്കുന്നവയിൽ സംസ്ഥാന ഗവർണ്ണറുടെ നിയമനിർമ്മാണ അധികാരത്തിൽ ഉൾപ്പെടുന്നത് ഏതൊക്കെ ?

1. നിയമനിർമ്മാണ സഭ പാസ്സാക്കുന്ന ബില്ലുകൾക്ക് അംഗീകാരം നൽകൽ.
2. സംസ്ഥാന മുഖ്യമന്ത്രിയെ നിയമിക്കൽ.
3. നിയമ നിർമ്മാണസഭ വിളിച്ചു ചേർക്കൽ.
4. ധനകാര്യ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് മുൻകൂർ അനുമതി നൽകൽ.

A) 1, 2 and 3
B) 1, 2, 3, 4
C) 1, 2
D) 1, 3 and 4

30. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്

A) ഗവർണ്ണർ

B) രാഷ്ട്രപതി

C) സംസ്ഥാന നിയമനിർമ്മാണ സഭ

D) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

31. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയങ്ങളെ ശരിയായി ക്രമപ്പെടുത്തിയത് ഏതിലാണ് ?

A) പ്രതിരോധം, വിദേശകാര്യം, ജയിൽ, പോലീസ്

B) റയിൽവേ, കൃഷി, പ്രാദേശിക ഗവണ്മെന്റുകൾ, വിദ്യാഭ്യാസം

C) കൃഷി, പോലീസ്, ജയിൽ, പൊതുജനാരോഗ്യം

D) പ്രതിരോധം, തുറമുഖങ്ങൾ, പോലീസ്, ജയിൽ

32. ലോകസഭാ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് വനിതാസംവരണം നടപ്പാക്കുന്നതിനുവേണ്ടി 2026 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാർ ലോകസഭയിൽ അവതരിപ്പിച്ച ഭരണഘടനാ ഭേദഗതി ബിൽ എത്രാമത്തെ ഭരണഘടനാ ഭേദഗതി ബിൽ ആണ് ?

A) 129 B) 130 C) 131 D) 132

33. 2026-ഏപ്രിൽ-9ന് കേരള നിയമസഭ രൂപീകരിക്കുന്നതിനുവേണ്ടി പൊതുതെരഞ്ഞെടുപ്പ് നടന്നു. എത്രാമത്തെ കേരള നിയമസഭാ രൂപീകരണ തെരഞ്ഞെടുപ്പാണ് ഇത് ?

A) 14 B) 17 C) 15 D) 16

34. മനുഷ്യമസ്തിഷ്ക്കത്തിലെ ന്യൂറോഗ്ലിയൽ കോശങ്ങളെ സംബന്ധിക്കുന്ന താഴെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ തെരഞ്ഞെടുക്കുക.

i. വിഭജനശേഷിയില്ലാത്ത കോശങ്ങളാണിവ.

ii. ഇവയ്ക്ക് ഉദ്ദീപനങ്ങളെ സ്വീകരിക്കുവാനോ സന്ദേശങ്ങളെ കടത്തിവിടാനോ കഴിവില്ല.

iii. മസ്തിഷ്ക്കത്തിലെ പ്രതിരോധ കോശങ്ങളായി പ്രവർത്തിക്കുന്നു.

iv. ഡെൻഡ്രോൺ, ആക്സോൺ എന്നിവ ഇവയുടെ ഭാഗങ്ങളാണ്.

A) i, ii എന്നിവ മാത്രം ശരി B) ii, iii എന്നിവ മാത്രം ശരി

C) iii, iv എന്നിവ മാത്രം ശരി D) i മാത്രം ശരി

35. താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് കൂട്ടത്തിലാണ് കൊഴുപ്പിൽ ലയിക്കുന്ന ജീവകങ്ങൾ മാത്രം ഉൾപ്പെട്ടിരിക്കുന്നത് ?

A) ജീവകം A, K എന്നിവ B) ജീവകം A, C എന്നിവ

C) ജീവകം D, B എന്നിവ D) ജീവകം D, C എന്നിവ

36. താഴെ നൽകിയിരിക്കുന്ന രോഗങ്ങളെ അവയ്ക്ക് കാരണമാകുന്ന രോഗാണുക്കളുമായി യോജിപ്പിക്കുക.

രോഗം	രോഗകാരിയായ രോഗാണു
i. എലിപനി	P. കോറിൻ ബാക്ടീരിയം
ii. ക്ഷയം	Q. പ്ലാസ്മോഡിയം
iii. മലമ്പനി	R. മൈകോ ബാക്ടീരിയം
iv. ഡിഫ്തീരിയ	S. ലെപ്റ്റോ സ്പൈറ

താഴെ പറയുന്നവയിൽ ശരിയായ പൊരുത്തം ഏതാണ് ?

A) i – S, ii – R, iii – Q, iv – P
B) i – R, ii – S, iii – Q, iv – P
C) i – Q, ii – S, iii – P, iv – R
D) i – Q, ii – P, iii – R, iv – S

37.

സാഹചര്യം	അനുയോജ്യമായ പദ്ധതി/സമീപനം
i. ആശുപത്രി ചികിത്സ മൂലമുള്ള സ്വന്തം ചെലവ് കുറയ്ക്കുക	P
ii. പ്രാഥമിക ആരോഗ്യ സേവനങ്ങളുടെ ലഭ്യത മെച്ചപ്പെടുത്തുക	Q

മുകളിലെ പട്ടികയിൽ ഒന്നാം കോളത്തിലെ വിവരണത്തിന് യോജിച്ച പദ്ധതി/സമീപനം മനസ്സിലാക്കി, P, Q എന്നിവയെ ശരിയായി പ്രതിനിധീകരിക്കുന്ന ജോഡി ഏതാണെന്ന് കണ്ടെത്തുക.

A) P – കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി
   Q – ആർദ്രം മിഷൻ
B) P – മെഡിസെപ്
   Q – കാരുണ്യ ലോട്ടറി
C) P – ദിശ (DISHA)
   Q – മെഡിസെപ്
D) P – ആർദ്രം മിഷൻ
   Q – കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

38. രക്താതി സമ്മർദ്ദം (ഹൈപ്പർടെൻഷൻ) എന്നത് ഒരു ജീവിത ശൈലീ രോഗമാണ്. ആരോഗ്യവാനായ ഒരാളുടെ സാധാരണ രക്തസമ്മർദ്ദത്തിന്റെ ശരിയായ അളവ് താഴെ പറയുന്നവയിൽ ഏതാണ് ?

A) 50/100 mmHg
B) 60/80 mmHg
C) 120/80 mmHg
D) 200/150 mmHg

39. മനുഷ്യരിലെ നേത്രരോഗങ്ങളും അവയുടെ കാരണങ്ങളുമാണ് ജോഡികളായി നൽകിയിട്ടുള്ളത്. ഇവയിൽ നിന്നും തെറ്റായ ജോഡി തെരഞ്ഞെടുക്കുക.

A) ഹ്രസ്വദൃഷ്ടി – ദൈർഘ്യമേറിയ നേത്രഗോളം

B) തിമിരം – അതാര്യമായ നേത്രലെൻസ്

C) അസ്റ്റിഗ്മാറ്റിസം – അതാര്യമായ കോർണിയ

D) നിശാന്ധത – ജീവകം A യുടെ അഭാവം

40. ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളിൽ അടുത്തിടെ കണ്ടെത്തിയ ഒരു പ്രതിഭാസമാണ് കോറൽ ബ്ലീച്ചിംഗ് അഥവാ പവിഴപ്പുറ്റുകളുടെ നിറംമങ്ങൽ. ഇത് ഇവയുടെ നിലനിൽപ്പിനെക്കുറിച്ച് ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. ഈ പ്രതിഭാസത്തിന്റെ പ്രധാന കാരണം തെരഞ്ഞെടുക്കുക.

A) സമുദ്രജലത്തിന്റെ താപനില കുറയുന്നത് മൂലം ആൽഗകളുടെ അമിത വളർച്ചയുണ്ടാകുന്നു.

B) സമുദ്രജലത്തിൽ ലയിച്ച ഓക്സിജന്റെ അളവ് വർദ്ധിക്കുന്നതു മൂലം പവിഴപ്പുറ്റുകളിൽ ഉണ്ടാകുന്ന മാറ്റം.

C) സൂര്യപ്രകാശം കുറയുന്നതുമൂലം പവിഴപ്പുറ്റുകളിലെ ജീവികൾ അമിതമായി ക്ലോറോഫിൽ ഉത്പാദിപ്പിക്കുന്നത്.

D) സമുദ്രജലത്തിന്റെ താപനില ഉയരുന്നത് മൂലം പവിഴപ്പുറ്റിലെ ജീവികൾക്ക് അവയുടെ സഹജീവികളായ ആൽഗകളെ നഷ്ടപ്പെടുന്നത്.

41. 2026, ജൂണിൽ ഇന്ത്യയിലെ നൂറാമത്തെ റാംസർ സൈറ്റ് (Ramsar Site) നിർണ്ണയിച്ചുകൊണ്ട് പ്രഖ്യാപനമുണ്ടായി. താഴെ പറയുന്നവയിൽ റാംസർ സൈറ്റുകളുടെ പ്രാധാന്യം ഏറ്റവും നന്നായി വിശദീകരിക്കുന്നത് തെരഞ്ഞെടുക്കുക.

A) വംശനാശഭീഷണി നേരിടുന്ന സസ്തനികളുടെ സംരക്ഷണത്തിനായി മാത്രം മാറ്റിവെച്ച അന്താരാഷ്ട്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ

B) അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർ തടങ്ങളും, ജലപക്ഷികളുടെ ആവാസ വ്യവസ്ഥകളുമാണിവ.

C) ഉഭയജീവികളുടെ സംരക്ഷണത്തിനായി മാറ്റിവെച്ച പ്രദേശങ്ങൾ.

D) യുനെസ്കോയുടെ ലോകപൈതൃക സൈറ്റുകളായി അംഗീകരിച്ച വനങ്ങളാണിവ.

42. താഴെ പറയുന്നവയിൽ ഏതാണ് ഏറ്റവും മികച്ച താപചാലകം ?

A) ഇരുമ്പ് B) ചെമ്പ്

C) വെള്ളി D) അലുമിനിയം

43. കരക്കാറ്റ് സംഭവിക്കുന്നതെപ്പോൾ ?

A) പകൽ സമയം B) രാത്രി സമയം

C) ഉച്ചകഴിഞ്ഞ് മാത്രം D) രാവിലെ മാത്രം

44. ചാന്ദ്രയാൻ-3 ചന്ദ്രന്റെ ഏത് ഭാഗത്താണ് വിജയകരമായി ലാൻഡ് ചെയ്തത് ?

A) മധ്യരേഖാ പ്രദേശത്ത് B) ഉത്തര ധ്രുവത്തിൽ

C) ദക്ഷിണ ധ്രുവത്തിൽ D) ചന്ദ്രന്റെ വിദൂര വശത്ത്

45. ഒരു ഹൈഡ്രോളിക് ലിഫ്റ്റിന്റെ പ്രവർത്തന തത്വം എന്താണ് ?
A) ന്യൂട്ടന്റെ മൂന്നാം ചലന നിയമം
B) ബെർണോളീസ് തത്വം
C) പാസ്കൽ നിയമം
D) ആർക്കമഡീസ് തത്വം

46. ആദിത്യ-എൽ 1 (Aditya-L1) രൂപകൽപ്പന ചെയ്തിരിക്കുന്നത് പ്രധാനമായും എന്തിനെ കുറിച്ച് പഠിക്കാൻ വേണ്ടിയാണ് ?
A) ചന്ദ്രൻ
B) ചൊവ്വ
C) ബ്ലാക്ക് ഹോൾ
D) സൂര്യൻ

47. കേവല പൂജ്യം എന്നറിയപ്പെടുന്ന താപനിലയുടെ മൂല്യം ഡിഗ്രി സെൽഷ്യസിൽ എത്രയാണ് ?
A) 0°C
B) 100°C
C) –273.15°C
D) 273.15°C

48. പിച്ചളയിൽ അടങ്ങിയിരിക്കുന്ന ലോഹങ്ങൾ
A) കോപ്പർ, സിങ്ക്
B) കോപ്പർ, ടിൻ
C) അലുമിനിയം, ടിൻ
D) കോപ്പർ, ഇരുമ്പ്

49. 10 g ഗ്ലൂക്കോസ് 90 g ജലത്തിൽ ലയിപ്പിച്ചാൽ ലഭിക്കുന്ന ലായനിയുടെ മാസ് പെർസന്റേജ് എത്ര ?
A) 90%
B) 10%
C) 80%
D) 9%

50. ആവർത്തന പട്ടികയിലെ 118-ാമത്തെ മൂലകത്തിന്റെ പേര്
A) ഓസ്മിയം
B) ടെനസിൻ
C) കോപ്പർനിസിയം
D) ഓഗനെസൺ

51. 2025-ലെ രസതന്ത്ര നോബൽ പുരസ്ക്കാരം ലഭിച്ചത് ഏത് കണ്ടുപിടുത്തത്തിനാണ് ?
A) പ്രോട്ടീൻഘടന
B) മെറ്റൽ-ഓർഗാനിക് ഫ്രെയിം വർക്കുകൾ
C) ക്വാണ്ടം ഡോട്സ്
D) ഓർഗാനോ കാറ്റാലിസിസ്

52. മിഴാവ് എന്ന വാദ്യോപകരണം താഴെപ്പറയുന്നതിൽ ഏത് ദൃശ്യകലകളുടെ ഭാഗമാണ് ?
A) കഥകളി – മുടിയേറ്റ്
B) കാക്കാരശ്ശിനാടകം – കോതാമൂരിയാട്ടം
C) കൂത്ത് – കൂടിയാട്ടം
D) ഇവയൊന്നുമല്ല

53. അരങ്ങേറ്റ ക്രിക്കറ്റ് ടെസ്റ്റ് മത്സരത്തിൽ ഇംഗ്ലണ്ടിലെ ലോർഡ്സ് മൈതാനത്ത് സെഞ്ച്വറി നേടിയ ഇന്ത്യൻ ക്രിക്കറ്റർ ആര് ?
A) രാഹുൽ ദ്രാവിഡ്
B) രോഹിത്ത് ശർമ്മ
C) വി. വി. എസ്. ലക്ഷ്മൺ
D) സൗരവ് ഗാംഗുലി

54. ത്രിപുരസുന്ദരിക്കുഞ്ഞമ്മ എന്ന പ്രസിദ്ധ കഥാപാത്രത്തെ സൃഷ്ടിച്ച എഴുത്തുകാരനാര് ?
A) ഒ. ചന്തു മേനോൻ
B) സി. വി. രാമൻപിള്ള
C) പോത്തേരി കുഞ്ഞമ്പു
D) ലളിതാംബിക അന്തർജ്ജനം

55. ''സയൻസെന്യേ തമസ്സെല്ലാം;
സയൻസിനു തൊഴുന്നു ഞാൻ ...''
– ആരുടെ വരികൾ ?

A) സി. വി. കുഞ്ഞിരാമൻ
B) പള്ളത്ത് രാമൻ
C) ശ്രീനാരായണ ഗുരു
D) സഹോദരൻ അയ്യപ്പൻ

56. പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെടുത്താവുന്ന കൂട്ടായ്മ ഏത് ?

A) മാരാമൺ കൺ വെൻഷൻ
B) നാട്ടുഗദ്ദിക
C) കൂനൻ കുരിശ് സത്യം
D) എട്ടുനോമ്പ് പെരുന്നാൾ

57. 2026 ഫിഫ ലോകകപ്പ് ഫുട്ബോൾ ടൂർണ്ണമെന്റിൽ മികച്ച ഗോൾകീപ്പർക്കുള്ള 'ഗോൾഡൻ ഗ്ലൗവ് ' പുരസ്കാരം നേടിയതാര് ?

A) അലിസൺ ബെക്കർ
B) ഒലിവർ കാൻ
C) ഉനായ് സിമോൺ
D) എമിലിയാനോ മാർട്ടിനെസ്

58. എക്സ്പെഡിഷൻ 74 ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി സോയുസ് എംഎസ് 29 റോക്കറ്റ് – ഇതുമായി ബന്ധപ്പെട്ട പേര് ?

A) ശുഭാംശു ശുക്ല
B) രാകേഷ് ശർമ്മ
C) അനിൽ മേനോൻ
D) സുനിത വില്യംസ്

59. താഴെപ്പറയുന്നവയിൽ സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്വെയറിന്റെ പ്രധാന ഉപയോഗം ഏതാണ് ?

A) ചിത്രങ്ങൾ എഡിറ്റ് ചെയ്യുക
B) സംഖ്യാത്മക വിവരങ്ങൾ പട്ടികപ്പെടുത്തുകയും കണക്കുകൂട്ടലുകൾ നടത്തുകയും ചെയ്യുക
C) വെബ് പേജുകൾ ബ്രൗസ് ചെയ്യുക
D) കമ്പ്യൂട്ടർ നെറ്റ്വർക്ക് നിയന്ത്രിക്കുക

60. ഒരു നഗരം പോലുള്ള ഭൂമിശാസ്ത്രപരമായ പ്രദേശത്തിനുള്ളിൽ വിവിധ LAN-കളെ ബന്ധിപ്പിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന നെറ്റ്വർക്ക് തരം ഏതാണ് ?

A) LAN
B) WAN
C) MAN
D) PAN

61. ഒരു LAN-ൽ ലഭിക്കുന്ന ഡാറ്റ ഫ്രെയിം അതിന്റെ ലക്ഷ്യസ്ഥാനത്തേക്കുള്ള അനുയോജ്യമായ പോർട്ടിലേക്ക് മാത്രം കൈമാറാൻ സാധാരണയായി ഉപയോഗിക്കുന്ന ഉപകരണം ഏതാണ് ?

A) ഹബ് (Hub)
B) സ്വിച്ച് (Switch)
C) ഗേറ്റ്വേ (Gateway)
D) മീഡിയ (Media)

62. ഇന്ത്യയിൽ UPI (Unified Payments Interface) വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനം ഏതാണ് ?

A) RBI
B) SEBI
C) NPCI
D) TRAI

63. ഇന്ത്യയിൽ പൗരന്മാർക്ക് വിവിധ സർക്കാർ സേവനങ്ങൾ ഒരൊറ്റ മൊബൈൽ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന UMANG എന്നതിന്റെ പൂർണ്ണരൂപം ഏതാണ് ?
A) Unified Mobile Application for New-age Governance
B) Universal Management Application for National Governance
C) Unified Management Access for New Governance
D) Universal Mobile Access Network for Government

64. വിവരാവകാശ നിയമപ്രകാരം വിവരം നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് ഒരു ദിവസം പരമാവധി എത്ര രൂപ വരെ പിഴ ചുമത്താൻ കമ്മീഷന് അധികാരമുണ്ട് ?
A) 500 രൂപ B) 1000 രൂപ C) 250 രൂപ D) 200 രൂപ

65. കേന്ദ്ര വിവരാവകാശ കമ്മീഷണറെ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റിയിൽ താഴെ പറയുന്നവരിൽ ആര് ഉൾപ്പെടുന്നില്ല ?
A) സുപ്രീം കോടതി ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കുന്ന ഒരു ജഡ്ജ്
B) പ്രധാനമന്ത്രി
C) പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന ഒരു കേന്ദ്ര കാബിനറ്റ് മന്ത്രി
D) ലോക്സഭയിലെ പ്രതിപക്ഷ നേതാവ്

66. മെയിന്റനൻസ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ അതൃപ്തിയുള്ള ഒരു മുതിർന്ന പൗരന് അപ്പീൽ എവിടെ നൽകാം ?
A) ഹൈക്കോടതിയിൽ B) ജില്ലാ കളക്ടർ
C) അപ്പലേറ്റ് ട്രൈബ്യൂണൽ D) സുപ്രീം കോടതിയിൽ

67. ദേശീയ വനിതാ കമ്മീഷൻ ഏത് തരത്തിലുള്ള സ്ഥാപനമാണ് ?
A) സ്റ്റാറ്റ്യൂട്ടറി സ്ഥാപനം B) സ്വകാര്യ സ്ഥാപനം
C) സർക്കാരിതര സംഘടന D) ഭരണഘടനാ സ്ഥാപനം

68. ഒരു സ്ത്രീയുടെ മാന്യതയെ അപമാനിക്കുന്ന തരത്തിൽ വാക്കുകളോ ആംഗ്യങ്ങളോ ഉപയോഗിക്കുന്നത് ഭാരതീയ ന്യായ സംഹിതയിലെ (BNS) ഏത് വകുപ്പ് പ്രകാരമാണ് കുറ്റകരമാകുന്നത് ?
A) സെക്ഷൻ 69 B) സെക്ഷൻ 79
C) സെക്ഷൻ 103 D) സെക്ഷൻ 115

69. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഉറപ്പാക്കുന്ന 'നാരി ശക്തി വന്ദൻ അധിനിയമം' എത്രാമത്തെ ഭരണഘടനാ ഭേദഗതി നിയമമാണ് ?
A) 104 B) 105 C) 106 D) 108

70. 125 വർഷം പഴക്കമുള്ള ഇന്ത്യൻ പോസ്റ്റ് ഓഫീസ് ആക്ടിന് (Indian Post Office Act of 1898) പകരം 2023-ൽ പാർലമെന്റ് പാസാക്കിയ പുതിയ നിയമം ഏതാണ് ?
A) ഡിജിറ്റൽ തപാൽ നിയമം 2023 B) ഭാരതീയ തപാൽ നിയമം 2023
C) പോസ്റ്റ് ഓഫീസ് ആക്ട് 2023 D) തപാൽ സുരക്ഷാ നിയമം 2023

71. ഒരു ക്ലാസ്സിലെ 40 കുട്ടികളുടെ ശരാശരി മാർക്ക് 60 ഉം ബാക്കി 20 കുട്ടികളുടെ ശരാശരി മാർക്ക് 30 ഉം ആയാൽ ആ ക്ലാസ്സിലെ കുട്ടികളുടെ ശരാശരി മാർക്ക് എത്ര ?

A) 50 B) 45 C) 60 D) 38

72. താഴെ കൊടുത്തിരിക്കുന്നതിൽ ആരോഹണ ക്രമത്തിലുള്ളത് ഏത് ?

A) 0.702, 0.027, 0.207 B) 0.027, 0.207, 0.702

C) 0.702, 0.207, 0.027 D) 0.207, 0.702, 0.027

73. ഒരു ക്യൂബിന്റെ വിസ്തീർണ്ണം 96 ചതുരശ്ര സെന്റീമീറ്റർ ആയാൽ അതിന്റെ വ്യാപ്തം എത്ര ഘന സെന്റീമീറ്റർ ആയിരിക്കും ?

A) 16 ഘ. സെ. മീ. B) 125 ഘ. സെ. മീ.

C) 64 ഘ. സെ. മീ. D) 81 ഘ. സെ. മീ.

74. $\left(\frac{3}{2}\right)^5 \times \left(\frac{3}{2}\right)^7 = \left(\frac{3}{2}\right)^{2x}$ ആയാൽ x-ന്റെ വില എത്ര ?

A) 6 B) 12 C) 2 D) 10

75. ഒരു സമാന്തര ശ്രേണിയിലെ ആദ്യ പദം 14 ഉം പൊതുവ്യത്യാസം 3 ഉം ആയാൽ 12 പദങ്ങളുടെ തുക എത്ര ?

A) 350 B) 366 C) 286 D) 245

76. E 2 N, H 5 L, K 12 J, N 27 H, _____

A) P 29 K B) H 10 L C) Q 58 F D) F 30 J

77. ഒരു ക്ലോക്കിൽ സമയം 7 : 40 എങ്കിൽ കണ്ണാടിയിൽ ക്ലോക്കിന്റെ പ്രതിബിംബം എത്ര സമയം കാണിക്കും ?

A) 3 : 40 B) 4 : 20 C) 3 : 20 D) 4 : 30

78. ഒറ്റയാനെ കണ്ടെത്തുക.

A) 6842 B) 7634 C) 4592 D) 3826

79. 2013 സെപ്റ്റംബർ 5 വ്യാഴാഴ്ച ആയിരുന്നെങ്കിൽ 2013 ഡിസംബർ 25 ഏത് ആഴ്ച ആയിരിക്കും ?

A) ഞായർ B) തിങ്കൾ C) ശനി D) ബുധൻ

80. ഒരു നിരയിൽ അരുൺ മുന്നിൽ നിന്ന് 20-ാം സ്ഥാനത്താണ്. ആകെ 45 പേർ ഉണ്ടെങ്കിൽ പിന്നിൽ നിന്ന് അരുണിന്റെ സ്ഥാനം എത്ര ?

A) 25 B) 28 C) 26 D) 27

81. One of the following words is misspelt. Identify the word.
A) Sustainable B) Ephemeral C) Capituleite D) Ubiquitous

82. Fill in the blank with correct form of the verb.
If I _____ (be) a magician, I would turn this into ashes.
A) am B) were C) being D) been

83. Synonym of ebullient
A) enthusiastic B) arrogant C) confused D) indefinite

84. The idiom "Be on cloud nine" means
A) To be extremely happy B) Miss an opportunity
C) Unexpected events D) Face a tough situation

85. Add an appropriate tag.
He seldom comes in time, ... ?
A) doesn't he ? B) does he ? C) will he ? D) wasn't he ?

86. Fill in the blank with appropriate phrasal verb.
Despite the stressful environment, she managed to _____ the demanding nature of her job for seven years.
A) put out B) put up with C) put off D) put on

87. Antonym of 'Obfuscate'
A) clarify B) unclear C) bewilder D) conceal

88. Rewrite the following sentence into indirect speech.
"How long does it take to get to Banglore by bus ?" asked the tourist.
A) The tourist asked how long it took to get to Banglore by bus.
B) The tourist said that how long it took to get to Banglore by bus.
C) The tourist asked that how long it take to get to Banglore by bus.
D) The tourist asked that how long it took to get to Banglore by bus.

89. "Chaucer was the greatest writer of his time in England", can be rewritten without a change in meaning as
A) No other writer of his time in England was as great as Chaucer.
B) No other writer of his time in England is as great as Chaucer.
C) Chaucer is greater writer of his time in England.
D) Chaucer was greater writer of his time in England.

90. Rewrite into the passive.
Will they complete the work before evening ?
A) Will they completed the work before evening ?
B) Will the work have been completed before evening ?
C) Will the work be complete by them before evening ?
D) Will the work be completed by them before evening ?

91. ആർത്ത് + ഉല്ലസിച്ചു = ആർത്തുല്ലസിച്ചു
ഇതിൽ ഉപയോഗിച്ചിരിക്കുന്ന സന്ധി ഏതാണ് ?
A) ലോപസന്ധി
B) ദ്വിത്വസന്ധി
C) ആഗമസന്ധി
D) ആദേശസന്ധി

92. 'നവീനം' എന്ന പദത്തിന്റെ വിപരീത പദം
A) പുരാതനം
B) ആധുനികം
C) വികസിതം
D) സവീനം

93. ശരിയായ പദം ഏതാണ് ?
A) കാര്യസ്തൻ
B) കാര്യസ്ധൻ
C) കാര്യസ്ഥൻ
D) കാര്യസ്ദൻ

94. 'താമര' എന്ന് അർത്ഥം വരുന്ന പദം
A) തടിനി
B) നികുഞ്ജം
C) അംബരം
D) ജലജം

95. ശരിയായ വാക്യം ഏടുത്തെഴുതുക.
A) നല്ല സദ്പ്രവൃത്തികൾ ചെയ്യുന്നവർക്ക് നന്മ വരും.
B) നന്മ വരുവാൻ നല്ല സദ്പ്രവൃത്തികൾ ചെയ്യണം.
C) സദ് പ്രവൃത്തികൾ ചെയ്യുന്നവർക്ക് നന്മ വരും.
D) സദ് പ്രവൃത്തികൾ ചെയ്യുന്നവർക്കാണ് നല്ല നന്മകൾ വരുന്നത്.

96. 'പഴഞ്ചൊല്ലിൽ പതിരില്ല' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്
A) പഴഞ്ചൊല്ലുകൾക്ക് പ്രസക്തിയില്ല
B) പഴഞ്ചൊല്ലുകൾ സത്യമാണ്
C) പഴഞ്ചൊല്ലുകൾ കൃഷിയെ സംബന്ധിക്കുന്നതാണ്
D) പഴഞ്ചൊല്ലുകൾക്ക് കൃത്യമായ അർത്ഥമില്ല

97. 'അവതരിപ്പിക്കുന്നവൾ' എന്നതിന്റെ ഒറ്റപദം
A) അവതാരിക
B) അവതാര
C) അവിതാരിക
D) അവതാരക

98. 'ലക്ഷ്മിയോട് പറഞ്ഞു' എന്ന വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന വിഭക്തി ഏതാണ് ?
A) സംബന്ധിക
B) സംയോജിക
C) പ്രയോജിക
D) പ്രതിഗ്രാഹിക

99. Narration എന്ന വാക്കിന്റെ മലയാള പരിഭാഷ
A) നൃത്തം ചെയ്യൽ
B) എഴുത്ത്
C) നാടകാവതരണം
D) കഥ പറച്ചിൽ

100. നപുംസകലിംഗത്തിന് ഉദാഹരണം
A) കവി
B) വൃദ്ധ
C) വെള്ളം
D) മിടുക്കി

Space for Rough Work